(ഇ) ഇതിൽ ഏതെങ്കിലും ഭാഗം കയ്യേറ്റം ചെയ്യുകയോ അന്യാധീനപ്പെടുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഏത് പഞ്ചായത്തിൽ, എത്ര ഭൂമി, എങ്ങനെയാണ് നഷ്ടപ്പെട്ടത് എന്ന് വ്യക്തമാക്കാമോ;

(ജി) ഈ ഭൂമി തിരിച്ച് പിടിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ വിവരം ലഭ്യമല്ല.

(ബി, സി) പല ഭാഗത്തും കയ്യേറ്റം നടക്കാറുണ്ട്. എന്നാൽ പുറംപോക്ക് ഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കാൻ ഗ്രാമപഞ്ചായത്തുകൾ നടപടി സ്വീകരിക്കാറുണ്ട്. ഇത്തരത്തിൽ അന്യാധീനപ്പെട്ടുപോകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകുന്നതുമാണ്.

(ഡി) കുന്ദമംഗലം ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള പഞ്ചായത്തുകളിൽ 1509.54 ഏക്കർ പുറംപോക്ക് ഭൂമിയുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) മുക്കം ഗ്രാമപഞ്ചായത്തിൽ 3 സെന്റ് ഭൂമി കയ്യേറ്റം മൂലം നഷ്ടപ്പെട്ടു.

(ജി) മുക്കം ഗ്രാമപഞ്ചായത്തിലെ കയ്യേറ്റം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ബഹു. ഹൈക്കോടതിയിൽ 21677/02 നമ്പറായി ഹർജി ഫയൽ ചെയ്യുകയും കേസ് നടന്നുവരുകയും ചെയ്യുന്നു.

കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം

38 [5879] ശ്രീ. എ. കെ. മണി:
,, കെ. മോഹൻകുമാർ:
,, കെ. മുഹമ്മദാലി:
,, എം. കെ. പോൾസൺമാസ്റ്റർ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ, അയൽക്കൂട്ടങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡമെന്താണ്;

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും എന്തു തുക വീതമാണ് അവയ്ക്ക് നൽകുന്നത്;

(സി) ഗവൺമെന്റ് എന്ത് തുക നൽകും;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എത്ര ഗ്രാമപഞ്ചായത്തുകൾ ഇതിനകം കുടുംബശ്രീ, അയൽക്കൂട്ടം എന്നിവയ്ക്ക് ധനസഹായം നൽകാതെയുണ്ട്;

(ഇ) അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുടുംബശ്രീ, അയൽക്കൂട്ടങ്ങൾക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം അതത് ഗ്രാമപഞ്ചായത്തുകളാണ് നിശ്ചയിക്കുന്നത്. കുടുംബശ്രീയിലൂടെ നൽകുന്ന ധനസഹായം പഞ്ചായത്ത് ലഭ്യമാക്കുന്ന തുകയുടെ 60% മൈക്രോ സംരംഭങ്ങൾക്കും 15% പരിശീലനങ്ങൾക്കും 25% ശുചിത്വ കുടിവെള്ള സൗകര്യങ്ങൾക്കും വിനിയോഗിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി (സി.ഡി.എസ്.) ഏരിയാ ഡവലപ്പ്മെന്റ് സൊസൈറ്റി (എ.ഡി.എസ്) അയൽക്കൂട്ടങ്ങളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിക്കുന്ന കർമ്മ പദ്ധതി പഞ്ചായത്ത് സമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കുന്നു. നിലവിലുള്ള അയൽക്കൂട്ടങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്:

(1) ആറ് മാസമെങ്കിലും അയൽക്കൂട്ടം പ്രവർത്തിച്ചിരിക്കണം.

(2) കഴിഞ്ഞ ആറ് മാസങ്ങളിലെ പ്രതിവാര യോഗങ്ങളിൽ കുറഞ്ഞത് 90% ഹാജർ ഉണ്ടാകണം.

(3) 90% പേരെങ്കിലും മിതവ്യയ സമ്പാദ്യ വായ്പാ പരിപാടി ആരംഭിച്ചിരിക്കണം.

(4) അയൽക്കൂട്ടം സ്ഥിതിചെയ്യുന്ന ഭൂപ്രദേശത്തെ 100% കുടുംബങ്ങളും ഇതിൽ അംഗമാകണം.

(5) അയൽക്കൂട്ടത്തിന്റെ നിക്ഷേപം 25,000 രൂപ കവിഞ്ഞിരിക്കണം. 2002-03-ൽ മാച്ചിംഗ് ഗ്രാന്റ് അനുവദിച്ചത് നബാർഡിന്റെ 15 ഇന മാനദണ്ഡങ്ങൾ പ്രകാരം ഗ്രേഡ് ചെയ്ത ബാങ്കുമായി ലിങ്കു ചെയ്ത അയൽക്കൂട്ടങ്ങൾക്ക് മാത്രമാണ്. ഇത്തരം അയൽക്കൂട്ടങ്ങൾക്ക് അവർ സമാഹരിച്ച തുകയുടെ 10% ആണ് മാച്ചിംഗ് ഗ്രാന്റായി അനുവദിക്കുന്നത്.

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും നൽകേണ്ട തുക അതത് ഗ്രാമ പഞ്ചായത്തുകളാണ് നിശ്ചയിക്കുന്നത്.

(സി) ഇതിലേക്കായി ഗവൺമെന്റ് 2001-02 സാമ്പത്തിക വർഷം 300 ലക്ഷം രൂപയും 2002-03-ൽ 130 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി, ഇ) വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly